**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2440** **12-02-2024 - ൽ മറുപടിയ്ക്ക്**

**കുടുബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുടുബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർമാരുടെ നിയമനത്തിനായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; | (എ) | കുടുബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർമാരുടെ നിയമനത്തിനായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ലിസ്റ്റിൽ ഒന്നാം സ്ഥാനത്ത് ഉള്ളവരെ ജില്ലാ മിഷൻ കോർഡിനേറ്റർ ആയി നിയമിക്കാൻ സ്വീകരിച്ച നടപടികളെ കുറിച്ച് വിശദമാക്കാമോ; | (ബി) | പ്രസ്തുത ലിസ്റ്റിലെ ഒന്നാം സ്ഥാനകാരനെ കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് 29.01.2024 തിയതിയിലെ സ.ഉ.(സാധാ) നം.243/2024/തസ്വഭവ പ്രകാരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | കുടുംബശ്രീ പശ്ചാത്തലമുള്ള ആളുകളെ ആണോ ജില്ലാ പ്രോഗ്രാം മാനേജർമാരായി നിയമിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) | ജില്ലാ പ്രോഗ്രാം മാനേജർ തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും വിജ്ഞാപന പ്രകാരം അപേക്ഷകൾ ക്ഷണിക്കുകയും സി.എം.ഡി മുഖേന തെരഞ്ഞെടുക്കൽ പ്രകിയ നടത്തി റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയുമാണ് ചെയ്തുവരുന്നത്. കുടുംബശ്രീയിൽ പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണന നൽകാറുണ്ട്. |
| (ഡി) | ജില്ലാ പ്രോഗ്രാം മാനേജർ തസ്തികയിൽ കൂടുതൽ സ്ത്രീകളെ പരിഗണിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; | (ഡി) | ജില്ലാ പ്രോഗ്രാം മാനേജർ തസ്തികയിൽ നിയമനത്തിന് സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടില്ല. റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. |
| (ഇ) | സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കുടുംബശ്രീയിൽ ഡി.പി.എം. / എ.ഡി.എം.സി. തസ്തികകളിൽ വനിതകൾക്ക് മുൻഗണന നൽകിക്കൊണ്ടാണോ നിയമനം നൽകിയിരിക്കുന്നത് എന്നു വ്യക്തമാക്കുമോ; | (ഇ) | ഡി.പി.എം / എ.ഡി.എം.സി തസ്തികകളിൽ നിയമനത്തിന് സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടില്ല. റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. |
| (എഫ്) | ഡി.പി.എം. തസ്തികയിൽ ഉള്ളവരുടെ പേര്, | (എഫ്) | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | യോഗ്യത, ആൺ/പെൺ എന്നിങ്ങനെ തരം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വിശദ വിവരം ലഭ്യമാക്കാമോ; | | |
| (ജി) | ദിവസവേതന/ കോൺട്രാക്ട് വ്യവസ്ഥയിൽ ഒരേ ഘടകത്തിൽ ജോലി ചെയ്യുന്ന ഡി.പി.എം. തസ്തികയിലുള്ളവരെ മൂന്നുവർഷം തികയുമ്പോൾ മറ്റ് ഘടകങ്ങളിലേക്ക് സ്ഥലം മാറ്റുന്നത് പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | (ജി) | കരാർ വ്യവസ്ഥയിൽ ജോലിചെയ്തു വരുന്ന ഡി.പി.എം. തസ്തികയിലുള്ള ജീവനക്കാർക്ക് സ്വന്തം അപേക്ഷകൾ പ്രകാരമോ, ഭരണ സൗകര്യാർത്ഥമോ മറ്റു ജില്ലകളിലേയ്ക്കും മറ്റു തസ്തികകളിലേയ്ക്കും മാറ്റം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ